**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

## വിജ്ഞാപനം

## കീം - 2024

### സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് സൊസൈറ്റി, രജിസ്റ്റേർഡ് ട്രസ്റ്റ് ക്വോട്ട സീറ്റുകളിലേയ്ക്കും സർക്കാർ കോസ്റ്റ് ഷെയറിംഗ് കോളേജുകളിൽ സഹകരണ വകുപ്പിലെ ജീവനക്കാരുടെ മക്കൾക്കായി മാറ്റിവെച്ചിട്ടുള്ള സീറ്റുകളിലേയ്ക്കുള്ള പ്രത്യേക സംവരണം അപേക്ഷ സമർപ്പിക്കുന്നതിന് അവസരം

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ ഏർപ്പെട്ടിട്ടുള്ള കരാറിനു വിധേയമായി താഴെ പറയുന്ന സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിശ്ചിത ശതമാനം കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വോട്ട സീറ്റുകളിലേയ്ക്കും, സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) ന്റെ കീഴിലുള്ള സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകളിൽ സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയും രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ / ബാങ്കുകൾ/ മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെയും, ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും മക്കൾക്കായി നീക്കി വച്ചിട്ടുള്ള 5% സീറ്റുകളിലേയ്ക്കും സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ (CAP-2024) പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്നതാണ്.

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ തരം തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

## പട്ടിക 1

## കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് സൊസൈറ്റി, രജിസ്റ്റേർഡ് ട്രസ്റ്റ് ക്വോട്ട സീറ്റുകൾ മാറ്റിവച്ചിട്ടുള്ള കോളേജുകൾ

| Sl. No | College code | Institution | Community / Registered Trust / Registered Society | Authority to issue Certificates |
|---|---|---|---|---|
| 1 | AAE | Al-Ahzar College of Engineering & Technology, Thodupuzha | Muslim | Adv. K.M. Mijas, Managing Director |
| 2 | AJC | Amal Jyothi College of Engg., Koovappally, Kanjirappally, Kottayam | All Christians | Manager Amal Jyothi college of Engineering Vicar/Asst. Vicar Priest of the Parish Concerned |
| 3 | BJK | Bishop Jerome Institute, Fathima College Road, Kollam | Latin Catholic | Bishop of Quilon/ Revenue Authorities |
| 4 | CCE | Christ College of Engineering, Irinjalakuda, Thrissur | All Christians | Vicar/Assistant Vicar |
| 5 | JIT | John Cox Memorial CSI Institute of Technology, Kannammoola, Thiruvananthapuram | Christian SIUC of South Kerala Diocese | The Manager, Society for Technical Training, LMS Compound, Thiruvananthapuram-695033 |
| 6 | LMC | Lourdes Matha College of Science & Technology, Opp. Kalampara Ashram, Kuttichal PO, Thiruvananthapuram | Christian Community | Secretary, Lourdes Matha Catholic Educational Society |
| 7 | MBI | Mar Baselios Institute of Technology & Science, Nellimattom P O, Kothamangalam, Ernakulam | Member of Jacobite Syrian christian Community | VICAR of the Church |
| 8 | MCE | Marian Engineering College, Menamkulam, Kazhakuttom, Thiruvananthapuram | Latin Catholic | Bishop / Vicar General/Chancellor/Secretary of the Respective Diocese |
| 9 | MUS | Muslim Association College of Engineering, Thiruvananthapuram | Muslim | Jb. Nazar Kadayara (President, Muslim Association) |
| 10 | RET | Rajagiri School of Engg & Technology, Rajagiri Valley P.O, Kochi | Christian Community | Parish Priest of the Parish to which candidate belongs/Director, Rajagiri School Of Engg. & Technology |
| | | Sahrdaya College of Engineering & Technology, | | Fr. Dr.Antony Chungath, Executive Director, Sahrdaya |

| | | | | |
|---|---|---|---|---|
| 11 | SHR | P.B. No. 17, Kodakara, Thrissur | Syrian Catholic | College of Engineering & Technology, Kodakara, Thrissur |
| 12 | SJC | St. Joseph's College of Engg & Technology, Choondacherry, Bharananganam, Pala, Kottayam | Christian Community | Vicar General, Palai Diocese |
| 13 | VJC | Viswajyothi College of Engg & Technology, Vazhakkulam PO, Muvattupuzha, Ernakulam | Syro Malabar Catholic Community | Parish Priest |
| 14 | CMA | Carmel College of Engineering & Technology, Punnapra, alappuzha | Syro Malabar Christian Community | Vicar of Candidates Parish |

പട്ടിക 1 ൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളിൽ കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് സൊസൈറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വോട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'KEAM 2024- Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Community Quota Proforma'** എന്ന മെനു ക്ലിക്ക് ചെയ്ത് കോളേജ് സെലക്ട് ചെയ്യുമ്പോൾ ലഭ്യമാകുന്ന പ്രൊഫോർമയുടെ പ്രിന്റൗട്ട് എടുത്ത് ഒപ്പിട്ടശേഷം, ആവശ്യമായ രേഖകൾ സഹിതം **2024 ആഗസ്റ്റ് 13 വൈകിട്ട് 4.00 മണിക്ക്** മുമ്പായി അതത് കോളേജ് അധികൃതരുടെ മുമ്പാകെ ഹാജരാകേണ്ടതാണ്. ഈ വിദ്യാർത്ഥികളുടെ പട്ടിക കോളേജ് പോർട്ടൽ വഴി കോളേജ് അധികൃതർ അന്നേ ദിവസം (13.08.2024) **വൈകുന്നേരം 5.00** മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

പട്ടിക 1 ൽ ഉൾപ്പെട്ടിട്ടുള്ള (ക്രമ നമ്പർ 3) ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റിയിൽ ഉൾപ്പെട്ട കോളേജിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുന്ന ലാറ്റിൻ കാത്തലിക് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെയും പരിഗണിക്കുന്നതാണ്. ഇവർ കോളേജിൽ ഹാജരായി രേഖകൾ സമർപ്പിക്കേണ്ടതില്ല.

സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) ന്റെ കീഴിലുള്ള സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകളിൽ 5% സീറ്റുകളിൽ അപേക്ഷിക്കാവുന്ന കോളേജുകളുടെ ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു.

<u>പട്ടിക 2</u>

**GOVERNMENT COST-SHARING ENGINEERING COLLEGES UNDER THE CO-OPERATIVE ACADEMY OF PROFESSIONAL EDUCATION (CAPE)**

| Sl. No. | Code | College |
|---|---|---|
| 1 | AEC | College of Engineering, Aranmula, Pathanamthitta |
| 2 | CEM | College of Engineering, Muttathara, Thiruvananthapuram |
| 3 | KGR | College of Engineering, Kidangoor, Kottayam |
| 4 | PEC | College of Engineering, Pathanapuram, Kuriottumala, Elikattor P O, Kollam |
| 5 | PRN | College of Engineering, Perumon, Kollam |
| 6 | PRP | College of Engineering & Management, Punnapra, Alappuzha |
| 7 | TKR | College of Engineering, Trikaripur, Kasaragod |
| 8 | TLY | College of Engineering, Thalassery, Kannur |
| 9 | VDA | College of Engineering, Mandarathur P.O., Vadakara, Kozhikode |

പട്ടിക 2 ൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളിലെ മേൽപറഞ്ഞ 5% സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന അപേക്ഷകർ അവർ സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയോ, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ/ബാങ്കുകൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെയോ, ഡയറക്ടർ ബോർഡ് അംഗങ്ങളുടെയോ മക്കളാണെന്ന് തെളിയിക്കുന്ന വെബ് സൈറ്റിൽ നല്കിയിട്ടുള്ള നിശ്ചിത പ്രൊഫോർമയിലുള്ള സർട്ടിഫിക്കറ്റ് **2024 ആഗസ്റ്റ് 12 വൈകിട്ട് 4.00 മണിക്ക്** മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'KEAM -2024 Candidate Portal' ൽ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് 'Apply for CB-CAPE' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് നിർദ്ദേശാനുസരണം ഡോക്യുമെന്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

<u>പട്ടിക 3</u>

(റവന്യൂ അധികാരികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ട കോളേജുകൾ)

| Sl. No. | College code | Institution | Community | Authority to issue certificates |
|---|---|---|---|---|
| 1 | AIK | Albertian Institute of Science and Technology, Kalamasery, Kochi | Latin Catholic | Revenue Authorities |
| 2 | AWH | AWH College of Engineering, Kozhikode | Muslim | |
| 3 | MEA | MEA Engineering College, Perinthalmanna, Malappuram | Muslim | |
| 4 | MHP | Ace College of Engineering, Thiruvallam, Trivandrum | Muslim | |
| 5 | MUS | Muslim Association College of Engineering, Venjaramoodu | Muslim | |
| 6 | YCE | Younus College of Engineering & Technology | Muslim | |
| 7 | MCK | Musaliar College of Engineering & Technology, Musaliar College PO, Pathanamthitta | Muslim | |

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന ബന്ധപ്പെട്ട കാറ്റഗറി ലിസ്റ്റിൽ നിന്നും പട്ടിക 3 ൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളിലേയ്ക്ക് നിർദ്ദിഷ്ട സമുദായത്തിലുള്ള വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്. ഈ പട്ടികയിലെ സമുദായത്തിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകേണ്ടതില്ല.

__പ്രത്യേക ശ്രദ്ധയ്ക്ക്:-__ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിനായും ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിനായും ഓപ്ഷൻ കൺഫർമേഷൻ/ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്ന അവസരത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളിലെ മൈനോറിറ്റി/ട്രസ്റ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾ പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ മാത്രമെ പ്രസ്തുത കോളേജുകളിലേയ്ക്കുള്ള മേൽപ്പറഞ്ഞ ക്വാട്ട സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ. 29.07.2024 ലെ വിജ്ഞാപന പ്രകാരം മൈനോറിറ്റി/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ടാ സീറ്റുകളിലേക്ക് ഓപ്ഷൻ നൽകിയിരുന്നവരും ഈ ഘട്ടത്തിൽ പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. മുൻ വിജ്ഞാപന പ്രകാരം നൽകിയ ഓപ്ഷനുകൾ പ്രസ്തുത കേളേജുകളിലേയ്ക്കുള്ള മൈനോറിറ്റി/കമ്മ്യൂണിറ്റി/ ട്രസ്റ്റ് ക്വാട്ടാ

സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. ആയതിനാൽ പ്രസ്തുത ക്വാട്ടയിലേയ്ക്ക് അലോട്ട്മെന്റ് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും പുതിയതായി ഓപ്ഷൻ നൽകേണ്ടതാണ്. ഇത് മുകളിൽ പറഞ്ഞിരിക്കുന്ന കോളേജുകളിലെ മൈനോറിറ്റി/ട്രസ്റ്റ്/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് മാത്രം ബാധകമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

(ഒപ്പ്)
**പ്രവേശന പരീക്ഷാകമ്മീഷണർ**
അംഗീകാരത്തോടെ,

Signed by
S J Shabu
Date: 09-08-2024 19:39:10
**ജോയിന്റ് കമ്മീഷണർ (അകാദമിക്)**

തിരുവനന്തപുരം
09-08-2024